# ഉപഭോക്തൃ സങ്കട പരിഹാര ഫോറം

**വൈദ്യുതി വിഭാഗം, തൃശ്ശൂർ കോർപ്പറേഷൻ**
**തൃശ്ശൂർ - 680 001.**

നമ്പർ : **CGRF – 3243/25** തിയ്യതി : 27.06.2025

**ഹാജർ**

| | | |
|---|---|---|
| ടി. എസ്. ജോസ് | - | ചെയർപേഴ്സൺ |
| കെ.വിനുകൃഷ്ണൻ | - | മെമ്പർ |
| അഡ്വ. അസിയ.പി.കെ | - | മെമ്പർ |

സുരേഷ്. സി.
**AO,** പെന്റാർക്ക് അപ്പാർട്ട്മെന്റ്
പൂത്തോൾ റോഡ് — പരാതിക്കാരൻ
ജയലക്ഷ്മി സിൽക്ക്സിനു സമീപം

ലൈസൻസിയ്ക്കു വേണ്ടി
അസിസ്റ്റന്റ് സെക്രട്ടറി,
വൈദ്യുതി വിഭാഗം — എതിർകക്ഷി
തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001.

**പരാതിയുടെ സംക്ഷിപ്ത രൂപം :**

കൺസ്യൂമർ നമ്പർ : 14255 – C, സുരേഷ്. സി. യുടെ പേരിലുള്ള കണക്ഷനിൽ, 29.04.2025 ലെ ബില്ലിങ്ങ് യൂണിറ്റായ 1626 യൂണിറ്റ് ടിയാന്റെ യഥാർത്ഥ ഉപഭോഗമല്ലെന്നും മീറ്ററിലെയോ നെറ്റ് വർക്കിലെയോ അപാകത പരിശോധിച്ച് ആയത് പരിഹരിക്കുന്നതിനുമാണ് പരാതി.

**ഫോറത്തിന്റെ നടപടികൾ :**

15.05.2025 ന് ഫോറം പരാതി ഫയലിൽ സ്വീകരിച്ചു. ബില്ലിങ്ങിലെ അപാകത പരിശോധിച്ച് സത്യവാങ്മൂലം ലഭ്യമാക്കുന്നതിനായി ബില്ലിങ്ങ് വിഭാഗത്തിനോടും മീറ്റർ പരിശോധിച്ച് സത്യവാങ്മൂലം ലഭ്യമാക്കുന്നതിന് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറോടും ആവശ്യപ്പെട്ടു. 27.06.2025 ന് ചേർന്ന ഫോറം പരാതി വിശദമായി പരിശോധിച്ചു.

**വിഷയത്തിൽ ബില്ലിങ്ങ് സെക്ഷൻ സമർപ്പിച്ച സത്യവാങ്മൂലം.**

കൺസ്യൂമർ നമ്പർ 14255 - C കണക്ഷനിലെ ശ്രീ. സുരേഷ്. സി. യുടെ പേരിൽ ഗാർഹികാവശ്യത്തിനായി 03.11.2010 ൽ **6.07 KW** ൽ നൽകിയിട്ടുള്ളതാണ്. ടി കണക്ഷനിലെ 04/2025 ലെ ബിൽ പ്രകാരം 1626 യൂണിറ്റ് , 12/2024 ലെ ബിൽ പ്രകാരം 624 യൂണിറ്റും ആണ് കാണുന്നത്. ടി കണക്ഷനിലെ 24.02.2025 ലെ ബിൽ റീഡിങ്ങ് എടുക്കാൻ കഴിയാത്ത സാഹചര്യമായതിനാൽ (L.P.) ശരാശരി 541 യൂണിറ്റിന് ആണ് നൽകിയിട്ടുള്ളത്. തൊട്ടുമുൻപുള്ള ബിൽ (24.12.2024) റീഡിങ്ങ് 34347 ബിൽ പ്രകാരം 624 യൂണിറ്റിന്റെ അടിസ്ഥാനത്തിൽ ബിൽ തുക 5545 ആണ്. എന്നാൽ 29.04.2025 ടി കണക്ഷനിൽ റീഡിംഗ് 36514 ആണ്. ആയത് 24.12.2024 ലെ റീഡിങ്ങായ 34347 ൽ നിന്ന് കുറവ് ചെയ്യുമ്പോൾ ടി കണക്ഷനിലെ 4 മാസത്തെ ഉപയോഗം 2167 യൂണിറ്റ് ആണ്. 2167 യൂണിറ്റിൽ നിന്ന് റീഡിങ്ങ് ലഭ്യമായ തുക 02/25 ബിൽ പ്രകാരം കണക്കാക്കിയ ശരാശരി 541 യൂണിറ്റ് കുറവ് ചെയ്യുമ്പോൾ വരുന്ന 1626 യൂണിറ്റ് ആണ് ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആകെ യൂണിറ്റ് 1083, 1084 യൂണിറ്റിന്റെ സ്ലാബ് പ്രകാരം

കണക്കാക്കുമ്പോൾ 4 മാസത്തെ എനർജി ചാർജ്ജ് വകയിൽ 10721.7, 10731.6 മൊത്തം തുക - 21453.3 ആകുന്നു.

02/25 ബിൽ പ്രകാരം ശരാശരി യൂണിറ്റായ 541 ൻെറ എനർജി & ഡ്യൂട്ടി എന്നിവയിൽ കുറവ് ചെയ്താണ് 04/25 ബിൽ ചെയ്തിട്ടുള്ളത്.

ബിൽ കണക്കാക്കിയതിൽ അപാകത ഇല്ല. റീഡിങ്ങിന് തുറന്ന് തരാത്ത സാഹചര്യം നിലവിൽ വന്നതുകൊണ്ടാണ് ബിൽ വർദ്ധിച്ചിട്ടുള്ളത്. 04/2025 ലെ ബിൽ പാർട്ടി 30.04.2025 ന് അടവാക്കിയിട്ടുള്ളതാണ്.

**വിഷയത്തിൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച സത്യവാങ്മൂലം.**

19/10/2 എന്ന കെട്ടിട നമ്പറിൽ ശ്രീ. സുരേഷ്. സി. എന്നയാളുടെ പേരിൽ നൽകിയിട്ടുള്ള **14255 – C** എന്ന വൈദ്യുതി കണക്ഷനിൽ ബിൽ തുക കൂടുതലാണ് എന്ന പരാതി സി.ജി.ആർ.എഫിൽ നൽകിയതിൻെറ അടിസ്ഥാനത്തിൽ ടി സ്ഥലത്ത് മീറ്ററിന് തകരാർ ഉണ്ടോ എന്ന് പരിശോധിക്കുന്നതിനായി 18.06.2025 ന് ചെക്ക് മീറ്റർ വയ്ക്കുകയും 20.06.2025 ന് മീറ്റർ അഴിച്ചെടുക്കുകയും ചെയ്തു. പരിശോധനയ്ക്കായി വെച്ചപ്പോൾ നിലവിലെ മീറ്റർ റീഡിംഗ് 37111.9 ഉം ചെക്ക് മീറ്ററിലെ റീഡിംഗ് 65666.4 എന്നിങ്ങനെ ആയിരുന്നു. മീറ്റർ അഴിച്ചെടുക്കുന്ന സമയം നിലവിലെ മീറ്ററിൻെറ റീഡിംഗ് 37126.9 ഉം ചെക്ക് മീറ്ററിന് 65681.2 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2 ദിവസത്തേക്ക് ഉപയോഗം പരിശോധിച്ചതിൽ രണ്ട് മീറ്ററിലും കാര്യമായ വ്യത്യാസം വന്നിട്ടില്ലാത്തതാണ്. ആയതിനാൽ മീറ്ററിൽ തകരാർ ഇല്ലാത്തതാണ്.

മേൽ കണക്ഷനിൽ പരാതി ഉള്ള ബില്ലിൽ തൊട്ടു മുൻപ് വന്ന 24.02.2025 ലെ ബിൽ എൽ.പി. ആവറേജ് ആയിട്ടാണ് ബിൽ ചെയ്തിരിക്കുന്നത്. മുൻ ബിൽ എൽ.പി. ആയതിനാലാണ് തുടർന്നു വന്ന ബില്ലിൽ വലിയ വ്യത്യാസം വന്നതെന്ന് മനസ്സിലാക്കുന്നു. മീറ്റർ റീഡർ ജീവനക്കാരനോട് അന്വേഷിച്ചതിൽ നിന്നും എൽ.പി. പ്രകാരം ബിൽ ചെയ്തത് മീറ്റർ റൂമിൽ ഡ്രെയിനേജ് വാട്ടർ കെട്ടിക്കിടന്ന് റീഡിംഗ് എടുക്കാൻ പറ്റാത്ത സാഹചര്യമാണ് ഉണ്ടായിരുന്നതെന്ന് അറിയിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ ഒരു ബിൽ എൽ.പി. ആയതിനാലാണ് ബിൽ കൂടിയത് എന്ന് മനസ്സിലാക്കുന്നു. മീറ്ററിന് തകരാർ ഇല്ല എന്നും റിപ്പോർട്ട് ചെയ്യുന്നു.

**ഫോറത്തിൻെറ നിഗമനം :**

സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം മീറ്ററിൽ അപാകത ഇല്ലാത്തതിനാൽ ഉപഭോക്താവിൻെറ ശരിയായ ഉപയോഗത്തിനാണ് ബില്ല് നൽകിയിരിക്കുന്നത്.

**ഉത്തരവ് നടപടികൾ :**

മീറ്റർ പരിശോധിച്ചതിൽ മീറ്ററിന് തകരാറില്ല എന്ന് കണ്ടെത്തിയതിനാൽ 29.04.2025 ലെ ബിൽ പ്രകാരം പരാതിക്കാരൻ തുക അടവാക്കേണ്ടതാണ് എന്ന് ഉത്തരവാകുന്നു.

| | | |
|---|---|---|
| **അഡ്വ. അസിയ.പി.കെ** | **വിനുകൃഷ്ണൻ.കെ** | **ടി.എസ്. ജോസ്** |
| മെമ്പർ | മെമ്പർ | ചെയർപേഴ്സൺ |